# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 210 07.07.2015-ലെ മറുപടിക്ക്

## സി. & എ.ജി. റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും<br>വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | 2014 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷം സി. & എ.ജി. റിപ്പോർട്ടിൽ ധന നടത്തിപ്പിലെ പരാമർശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ദൈനംദിന ചെലവ് നടത്തുന്നതിന് കടമെടുക്കുന്ന പണത്തെ ആശ്രയിക്കുന്നതിനെക്കുറിച്ച് സി. & എ.ജി.യുടെ വിലയിരുത്തലുകൾ എന്താണെന്ന് വ്യക്തമാക്കാമോ ; | സംസ്ഥാനത്തിന്റെ റവന്യു കമ്മിയും ധനകമ്മിയും തമ്മിലുള്ള ഉയർന്ന അനുപാതം കടമെടുക്കുന്ന ഫണ്ടുകളുടെ ഒരു ഭാഗം നിത്യ ചെലവുകൾ നേരിടുന്നതിനു വിനിയോഗിക്കുന്നു എന്നതിന്റെ സൂചനയായി സി. & എ.ജി. വിലയിരുത്തിയിട്ടുണ്ട്.<br>2014 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ റവന്യു വരുമാനം 49,176.93 കോടി രൂപയും ആകെ റവന്യു ചെലവ് 60,485.50 കോടി രൂപയും ആയിരുന്നു. മുൻ വർഷത്തേക്കാൾ റവന്യു വരവിൽ 11 ശതമാനവും റവന്യു ചെലവിൽ 13 ശതമാനവും വളർച്ച രേഖപ്പെടുത്തുകയുണ്ടായി. റവന്യു ചെലവ് ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തലത്തിൽ ആയിരുന്നുവെങ്കിലും റവന്യു വരവിൽ പ്രതീക്ഷിത വളർച്ച കൈവരിക്കാൻ സാധിച്ചില്ല. സംസ്ഥാനത്തിന്റെ കടമിതര വരുമാനം അപര്യാപ്തമായതിനാൽ റവന്യു കമ്മി നികത്തുന്നതിന് കടമെടുപ്പിന്റെ കുറച്ചു ഭാഗം വിനിയോഗിക്കേണ്ടിവന്നു. ഇതിനെ തുടർന്ന് ആകെ കടമെടുത്തതിൽ നിന്നും 7350 കോടി രൂപ മാത്രമാണ് വികസന പ്രവർത്തനങ്ങൾക്ക് മിച്ചമുണ്ടായിരുന്നത് എന്ന് സി. & എ.ജി. ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | സി. & എ.ജി. നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്ന തരത്തിലുള്ള എന്തെങ്കിലും ധനമാനേജ്മെന്റിന്റെ വീഴ്ച ഈ റിപ്പോർട്ടിലും ആവർത്തിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ? | ധന മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം സി. & എ.ജി. യുടെ മുൻ നിർദ്ദേശങ്ങൾ നടപ്പിലായിട്ടില്ലെന്ന തരത്തിലുള്ള വീഴ്ചകൾ ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി പ്രത്യേക അവലോകന സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. റിയാബിൻെറ അവലോകന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും റിയാബ് നേരിട്ടും, മൂന്ന് മാസത്തിലൊരിക്കലും അർദ്ധവാർഷികമായും ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെയും വകുപ്പ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രത്യേക അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ യഥാർത്ഥ ലാഭ നഷ്ടം അറിയുന്നതിനുവേണ്ടി കണക്കുകൾ പൂർത്തീകരിച്ച് ആഡിറ്റുകൾ യഥാസമയം നടത്തുന്നതിൻെറ പുരോഗതിയും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ വിവിധ സഹായങ്ങൾ സർക്കാർ നൽകിവരുന്നുണ്ട്.

ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തകർച്ച നേരിടുന്നില്ല. എന്നാൽ അനാരോഗ്യപരമായ ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിൻെറ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും മികവുറ്റ ഉൽപ്പാദനസംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ആഗോളതലത്തിലുള്ള വ്യവസായമാന്ദ്യം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായവകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ കാഴ്ചവെച്ചിട്ടുള്ളത്. വ്യവസായവകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്കും സംരക്ഷണത്തിനും സർക്കാർ പ്രഥമ പരിഗണനയാണ് നൽകിയിരിക്കുന്നത്. പ്രവർത്തനം മോശമായ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി പൂത്തിയാകുന്നത് RIAB മുഖേന വ്യവസായ

വകുപ്പ് മോണിറ്റർ ചെയ്യുവരുന്നു. കമ്പനികളിലെ ഇൻേറണൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ചാർട്ടേഡ് അക്കൗണ്ടൻറ്സിൻെറ വ്യവസായ വകുപ്പ് അംഗീകരിച്ച പാനലിൽ നിന്നുമാത്രമേ ഇൻേറണൽ ആഡിറ്റേഴ്സിനെ നിയമിക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളിൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) ൻെറ ഓഫീസ് മുഖേന നടത്തുന്ന കമേഴ്സ്യൽ ആഡിറ്റ് സംവിധാനം നിലവിലുണ്ട്. കൂടാതെ വകുപ്പുതലത്തിലും, ധനകാര്യ വകുപ്പിൻെറ പരിശോധനാ വിഭാഗം മുഖേനയും പരിശോധനകൾ നടത്താറുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും ചെലവ് ചുരുക്കുന്നതിൻെറയും ഭാഗമായി "ഇ-പേയ്മെൻറ്" സംവിധാനത്തോടു കൂടിയുള്ള "ഇ-പ്രൊക്യൂർമെൻറ്" നടപ്പിലാക്കിയിട്ടുണ്ട്.

വ്യവസായ വകുപ്പിൻെറ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനം കൃത്യമായി സംയോജിപ്പിച്ച് മെച്ചപ്പെടുത്തുന്നതിനായി കെൽട്രോണിൻെറ സഹായത്തോടെ വ്യവസായ വകുപ്പിൻെറ ഇൻറർനെറ്റ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ കൈമാറുന്നതിനുള്ള ഒരു സംവിധാനവും (MIS portal) നിലവിലുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും കണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുമായി എൻറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു. ഇതിൻെറ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മാനേജ്മെൻറ് സംവിധാനം കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമായി നടത്തുന്നതിൻെറ ഭാഗമായി മാനേജീരിയൽ കാറ്റഗറിയിലും കരാറടിസ്ഥാനത്തിലും ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും RIAB-ൻെറ മേൽനോട്ടത്തിൽ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Sd/-